## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2137      13/06/2019-ൽ മറുപടിയ്ക്ക്

**<u>ബി.ഫാം (പ്രാക്ടീസ്) ബ്രിഡ്ജ് കോഴ്സ്</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. അനിൽ അക്കര** | **കെ.കെ.ശൈലജടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശു വികസനവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | നാലുവർഷം ഫാർമസിസ്റ്റായി ജോലി ചെയ്യുന്ന ഡി.ഫാം യോഗ്യതയുള്ള രജിസ്റ്റേർഡ് ഫാർമസിസ്റ്റുകൾക്ക്, രണ്ട് വർഷം ദൈർഘ്യമുള്ള ബി.ഫാം (പ്രാക്ടീസ്) എന്ന ബ്രിഡ്ജ് കോഴ്സ് പൂർത്തിയാക്കിയാൽ ബി.ഫാം സർട്ടിഫിക്കറ്റ് നൽകുന്ന പദ്ധതി മറ്റ് സംസ്ഥാനങ്ങളിൽ ആരംഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ബി.ഫാം (പ്രാക്ടീസ്) എന്ന ബ്രിഡ്ജ് കോഴ്സ് തുടങ്ങണമെന്ന ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയുടെ 2014 ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) | ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് ബി.ഫാം പ്രാക്ടീസ് എന്ന ബ്രിഡ്ജ് കോഴ്സ് തുടങ്ങുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ കേരള ആരോഗ്യ സർവ്വകലാശാലയുടെ 28.12.2013-ലെ അക്കാദമിക് കൗൺസിൽ യോഗം വിശദമായി ചർച്ചചെയ്യുകയും അശാസ്ത്രീയം എന്ന് വിലയിരുത്തി നിരാകരിച്ചിട്ടുള്ളതുമാണ്. |
| (സി) | പ്രസ്തുത കോഴ്സ് ആരംഭിക്കുവാൻ മെഡിക്കൽ സർവ്വകലാശാല ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയുടെ ബി.ഫാം പ്രാക്ടീസ് റെഗുലേഷൻ പ്രകാരം ബി.ഫാം പ്രാക്ടീസ് എന്നത് ഫാർമസി രംഗത്ത് പ്രവർത്തിച്ചുവരുന്ന ബിരുദ യോഗ്യതയില്ലാത്ത (ഫാർമസി ഡിപ്ലോമ യോഗ്യതയുള്ള) രജിസ്റ്റേർഡ് ഫാർമ |

| | | | |
|---|---|---|---|
| | | | സിസ്റ്റുകൾക്ക് ബിരുദ യോഗ്യത ലഭ്യമാക്കുന്നതിനുവേണ്ടി കോൺടാക്റ്റ് ക്ലാസ്സുകളും പ്രവർത്തിപരിചയ പരിപാടികളും ഉൾപ്പെടുന്ന ഒരു കോഴ്സാണ്. കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ആദ്യ സ്റ്റാറ്റ്യൂട്ട് അദ്ധ്യായം XVIII സ്റ്റാറ്റ്യൂട്ട് 2 പ്രകാരം ഫാർമസി ബിരുദ കോഴ്സ് എന്നത് 4 വർഷത്തിൽ കുറയാത്ത റെഗുലർ സമ്പ്രദായത്തിലുള്ള പാഠ്യ പദ്ധതിയായതിനാൽ ബി.ഫാം ഫാർമസി പ്രാക്ടീസ് എന്ന കോൺടാക്റ്റ് ക്ലാസ്സടങ്ങുന്ന കോഴ്സ് തുടങ്ങുന്നതിന് സാധ്യമല്ല എന്ന തീരുമാനമാണ് അക്കാദമിക് കൗൺസിലും ഗവേണിങ്ങ് കൗൺസിലും എടുത്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ